ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 28.10.2025**

## പ്രധാനവാർത്തകൾ

1. **കേന്ദ്രസർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ശുപാർശ സമർപ്പിക്കുന്നതിനുള്ള എട്ടാം ശമ്പള കമ്മീഷൻറെ പരിഗണനാ വിഷയങ്ങൾക്ക് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം.**
2. **എല്ലാ മേഖലകളിലും രാജ്യത്തെയാകെ മുന്നോട്ടു നയിക്കുന്ന പ്രവർത്തനങ്ങളാണ് കേരളം നടപ്പാക്കുന്നതെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ. സ്കൂൾ കായികമേളയിൽ തിരുവനന്തപുരത്തിന് സ്വർണക്കപ്പ്.**
3. **സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികളിൽ പ്രകൃതി സംരക്ഷണവും സുസ്ഥിരതയും ഉറപ്പാക്കുന്ന നിലപാടാണ് സർക്കാരിനുള്ളതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. രാജ്യത്തെ ആദ്യ ഡിസൈനർ സു- പുത്തൂർ സുവോളജിക്കൽ പാർക്ക് നാടിന് സമർപ്പിച്ചു.**
4. **തദ്ദേശ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും യോജിച്ച് പ്രവർത്തിക്കുന്നതിലൂടെ വികസന മുന്നേറ്റം സൃഷ്ടിക്കാനാകുമെന്ന് മന്ത്രി വി എൻ വാസവൻ.**
5. **മൊൻത ചുഴലിക്കാറ്റ് ഇന്ന് രാത്രി ആന്ധ്രാപ്രദേശിലെ മച്ചിലിപട്ടണത്തിനും കലിംഗ പട്ടണത്തിനും ഇടയിൽ വീശിയടിക്കുമെന്ന ്മുന്നറിയിപ്പ്. ഒഡീഷയിലും തമിഴ്നാട്ടിലും അതീവ ജാഗ്രത. കേരളത്തിൽ 8 ജില്ലകളിൽ മഞ്ഞ ജാഗ്രത.**

PNU TVPM

6. സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് തിരുവനന്തപുരം കൊമ്പൻസും, മലപ്പുറം എഫ് സി-യും ഏറ്റുമുട്ടും.

❁❁❁❁❁❁❁❁❁❁❁

## കേന്ദ്ര മന്ത്രിസഭ

കേന്ദ്ര സർക്കാർ ജീവനക്കാരുടെ ശമ്പളത്തിലും ആനുകൂല്യങ്ങളിലും മാറ്റങ്ങൾ വരുത്തുന്നത് ശുപാർശ ചെയ്യുന്നതിനുള്ള എട്ടാം കേന്ദ്ര ശമ്പള കമ്മീഷൻ്റെ പരിഗണനാ വിഷയങ്ങൾക്ക് കേന്ദ്ര മന്ത്രിസഭ യോഗത്തിന്റെ അംഗീകാരം. ഒരു താൽക്കാലിക സമിതിയായി എട്ടാം കേന്ദ്ര ശമ്പള കമ്മീഷൻ രൂപീകരിച്ച് 18 മാസത്തിനുള്ളിൽ ശുപാർശകൾ സമർപ്പിക്കാനാണ് നിർദേശം. 2025-26 റാബി സീസണിലെ ഫോസ്ഫേറ്റ്, പൊട്ടാസ്യം വളങ്ങളുടെ പോഷക അധിഷ്ഠിത സബ്സിഡി നിരക്കുകൾക്കും കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി

RAJU TVPM

❁❁❁❁❁❁❁❁❁❁❁

## ഗവർണർ ( ഇൻട്രോ )

എല്ലാ മേഖലകളിലും രാജ്യത്തെയാകെ മുന്നോട്ടു നയിക്കുന്ന പ്രവർത്തനങ്ങളാണ് കേരളം നടപ്പാക്കുന്നതെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ. ഒളിമ്പിക്സ് മാതൃകയിൽ സ്കൂൾ കായികമേള വിജയകരമായി നടത്തിയ വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടിയെ ഗവർണർ അഭിനന്ദിച്ചു. 67 മത് സ്കൂൾ കായിക മേളയുടെ സമാപന ചടങ്ങിൽ സമ്മാനങ്ങൾ വിതരണം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കായിക മേളയിൽ മികച്ച പ്രകടനം കാഴ്ച വച്ച പാവപ്പെട്ട കുട്ടികൾക്ക് വീട് വച്ച് നൽകുമെന്ന വിദ്യാഭ്യാസ മന്ത്രിയുടെ പ്രഖ്യാപനം മാതൃകാപരമാണെന്നും ഗവർണർ പറഞ്ഞു.

( വോയിസ്.... )

❁❁❁❁❁❁❁❁❁❁❁

## സ്കൂൾ ഒളിമ്പിക്സ്

സ് സംസ്ഥാന സ്കൂൾ കായിക മേളയിൽ 1825 പോയിൻറുമായി മുഖ്യമന്ത്രിയുടെ സ്വർണ കപ്പ് സ്വന്തമാക്കി തിരുവനന്തപുരം ജില്ല. രണ്ടും മൂന്നും സ്ഥാനത്തുള്ള തൃശൂർ, കണ്ണൂർ ജില്ലകൾ നേടിയത് യഥാക്രമം 892, 859 പോയിൻറുകളാണ്. ഗെയിംസ് ഇനങ്ങളിൽ 798 പോയിൻറുകൾ നേടിയ കണ്ണൂരിനെ ബഹുദൂരം പിന്നിലാക്കിയാണ് 1107 പോയിൻറുകളോടെ തിരുവനന്തപുരം ഒന്നാമതായത്. അക്വാട്ടിക്സിൽ 649 പോയിൻറുകളോടെ തിരുവനന്തപുരം ഒന്നാമതായപ്പോൾ തൃശൂർ ജില്ലാ രണ്ടാമതായത് 149 പോയിൻറുകൾ നേടിയാണ്. അത് ലറ്റിക്സ് ഇനങ്ങളിൽ മലപ്പുറം 247 പോയിൻറുകളോടെ ചാമ്പ്യന്മാരായി. 212 പോയിൻറുകളോടെ പാലക്കാട് രണ്ടാമതെത്തി.അടുത്ത മേള കണ്ണൂരിൽ നടക്കും.

❁❁❁❁❁❁❁❁❁❁❁

## കേന്ദ്ര സർവകലാശാല ജോർജ്ജ് കുര്യൻ

PHUTVPM

കേരള കേന്ദ്ര സർവകലാശാലയിൽ പുതിയ അക്കാദമിക് ബ്ലോക്കിന് വ്യാഴാഴ്ച കേന്ദ്ര സഹമന്ത്രി ശ്രീ ജോർജ്ജ് കുര്യൻ തറക്കല്ലിടും. കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയം പ്രധാന മന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിൽ ഉൾപ്പെടുത്തി 52.68 കോടി രൂപയാണ് പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മാണത്തിന് അനുവദിച്ചതെന്ന് രജിസ്ട്രാർ ഇൻ ചാർജ്ജ് ഡോ. ആർ. ജയപ്രകാശ് അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁

## മന്ത്രി വി.എൻ. വാസവൻ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സഹകരണ ബാങ്കുകളും യോജിച്ച് പ്രവർത്തിച്ചാൽ വികസന രംഗത്ത് വലിയ മുന്നേറ്റം സൃഷ്ടിക്കാനാകുമെന്ന് മന്ത്രി വി.എൻ. വാസവൻ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അംഗത്വം നൽകി വായ്പകൾ ലഭ്യമാക്കണം. ഇക്കാര്യത്തിൽ വകുപ്പ് മന്ത്രിയുമായി ഉടൻ ചർച്ച

നടത്തുമെന്നും ആവശ്യമായ നിയമ ഭേദഗതികൾ കൊണ്ടുവരുമെന്നും ശ്രീ വി.എൻ. വാസവൻ പറഞ്ഞു. വിഷൻ 2031 സെമിനാർ കോട്ടയം ഏറ്റുമാനൂരിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

❁❁❁❁❁❁❁❁❁❁❁

## മസ്തിഷ്ക ജ്വരം പഠനം ( ഇൻട്രോ )

സംസ്ഥാനത്തെ അമീബിക്ക് മസ്തിഷ്ക ജ്വര ബാധ സംബന്ധിച്ച് കോഴിക്കോട് ഫീൽഡ്തല പഠനം ആരംഭിച്ചു. സംസ്ഥാന ആരോഗ്യ വകുപ്പും ചെന്നൈ ഐ.സി.എം.ആർ. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എപ്പിഡെമിയോളജിയിലെ വിദഗ്ധരും ചേർന്നാണ് ഫീൽഡുതല പഠനം നടത്തുന്നത്. തിരുവനന്തപുരം, കൊല്ലം, മലപ്പുറം ജില്ലകളിലും സംഘം പഠനം നടത്തും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു...**

**( വോയിസ്....)**

RNU TVPM

❁❁❁❁❁❁❁❁❁❁❁

## ആർദ്രകേരളം, കായകൽപ്പ്

സംസ്ഥാന ആരോഗ്യ വകുപ്പിൻറെ ആർദ്രകേരളം, കായകൽപ്പ് പുരസ്കാരങ്ങളുടെ വിതരണം നാളെ തിരുവനന്തപുരം ടാഗോർ തിയറ്ററിൽ മന്ത്രി വീണാ ജോർജ് നിർവഹിക്കും.

❁❁❁❁❁❁❁❁❁❁❁

## മുഖ്യമന്ത്രി - വോട്ടർ പട്ടിക

കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ വോട്ടർ പട്ടിക പ്രത്യേക തീവ്ര പുനഃപരിശോധന നടപ്പാക്കുമെന്ന കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻറെ പ്രഖ്യാപനം ജനാധിപത്യ പ്രക്രിയയോടുള്ള

വെല്ലുവിളിയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഭരണഘടന ഉറപ്പുനൽകുന്ന സാർവത്രിക വോട്ടവകാശത്തിൻറെ ലംഘനമാണ് എസ് ഐ ആർ എന്നും മുഖ്യമന്ത്രി വിമർശിച്ചു.

❁❁❁❁❁❁❁❁❁❁❁

## വി ഡി സതീശൻ

തീവ്ര വോട്ടർ പട്ടിക പരിഷ്കരണം ജനാധിപത്യത്തെ ദുർബലപ്പെടുത്തുമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. എസ് ഐ ആർ നടപ്പാക്കുന്നത് തദ്ദേശ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ താളം തെറ്റിക്കുമെന്നും തിരഞ്ഞെടുപ്പ് കമ്മീഷന്റെ തീരുമാനം പിൻവലിക്കണമെന്നും പ്രതിപക്ഷ നേതാവ് പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

❁❁❁❁❁❁❁❁❁❁❁

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

❁❁❁❁❁❁❁❁❁❁❁

## ശബരിമല സ്വർണ്ണപ്പാളി

ശബരിമല സ്വർണ്ണപ്പാളി ക്രമക്കേട് കേസിൽ രണ്ടാം പ്രതിയും ദേവസ്വം ബോർഡ് മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫിസറുമായ ബി.മുരാരി ബാബുവിനെ നാലു ദിവസത്തേക്ക് പ്രത്യേക അന്വേഷണ സംഘത്തിൻറെ കസ്റ്റഡിയിൽ വിട്ടു. റാന്നി ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയാണ് കസ്റ്റഡി അപേക്ഷ പരിഗണിച്ചത്. നിലവിൽ ഇയാൾ സസ്പെൻഷനിലാണ്.

❁❁❁❁❁❁❁❁❁❁❁

## മൊൻത

മൊൻത ചുഴലിക്കാറ്റ് ഇന്ന് രാത്രി ആന്ധ്രാപ്രദേശിലെ മച്ചിലിപട്ടണത്തിനും കലിംഗ പട്ടണത്തിനും ഇടയിൽ

RNU TVPM

വീശിയടിക്കുമെന്ന ്മുന്നറിയിപ്പ്. ചുഴലിക്കാറ്റിൻറെ സ്വാധീനത്തിൽ ആന്ധ്രാപ്രദേശിൽ വിവിധ ജില്ലകളിൽ കനത്ത മഴയാണ്. കടൽ പ്രക്ഷുബ്ധം. മീൻപിടുത്തം നിരോധിച്ചു. ചുഴലിക്കാറ്റ് വീശാൻ സാധ്യതയുള്ള ഇടങ്ങളിൽ നിന്ന് ജനങ്ങളെ ക്യാമ്പുകളിലേക്ക് മാറ്റി. ഒഡീഷയിൽ തെക്കൻ ജില്ലകളിലും തീരദേശത്തും കനത്ത മഴയുണ്ട്. 11000 ത്തിലധികം പേരെ മാറ്റിപാർപ്പിച്ചു. തമിഴ്നാട്ടിൽ ചെന്നൈ, എന്നൂർ കട്ടുപള്ളി തുറമുഖങ്ങളിൽ ജാഗ്രതാ നിർദ്ദേശമുണ്ട്. കുടലൂർ, നാഗപട്ടണം എന്നിവിടങ്ങളിലും ജാഗ്രത പാലിക്കുന്നു.

❁❁❁❁❁❁❁❁❁❁❁

## മഴ സംസ്ഥാനം

സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള എട്ടു ജില്ലകളിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ശക്തമായ കാറ്റും മോശം കാലാവസ്ഥയും കണക്കിലെടുത്ത് കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും കർണാടക തീരത്ത് ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

RNUTVPM

❁❁❁❁❁❁❁❁❁❁❁

## ഇടുക്കി പവർഹൗസ്

അറ്റകുറ്റപ്പണിയുടെ ഭാഗമായി ഇടുക്കി മൂലമറ്റം പവർഹൗസ് നവംബർ 11മുതൽ ഡിസംബർ 10 വരെ പ്രവർത്തനം നിർത്തുമെന്ന് കെ എസ് ഇ ബി. ഇതോടെ, സംസ്ഥാനത്ത് പീക്ക് സമയത്ത് 600 മെഗാവാട്ട് വൈദ്യുതിയുടെ കുറവുണ്ടാകുമെങ്കിലും കടുത്ത വൈദ്യുതി പ്രതിസന്ധിയുണ്ടാകില്ലെന്ന് കെഎസ്ഇബി അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁

## മുഖ്യമന്ത്രി ( ഇൻട്രോ )

സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികളിൽ പ്രകൃതി സംരക്ഷണവും സുസ്ഥിരതയും ഉറപ്പാക്കുന്ന നിലപാടാണ് സർക്കാരിനുള്ളതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. രാജ്യത്തെ ആദ്യ ഡിസൈനർ സൂവായ പുത്തൂർ സുവോളജിക്കൽ പാർക്ക് നാടിന് സമർപ്പിക്കുകയായിരുന്നു അദ്ദേഹം.

( വോയിസ്......)

പുത്തൂരിൽ വനംവകുപ്പിന്റെ 336 ഏക്കറിലാണ് ഏഷ്യയിലെ ഏറ്റവും വലിയ രണ്ടാമത്തേ സൂ കൂടിയായ തൃശ്ശൂർ സുവോളജിക്കൽ പാർക്ക് തുറക്കുന്നത്. മന്ത്രിമാരായ കെ രാജൻ, കെ കൃഷ്ണൻകുട്ടി, കെ എൻ ബാലഗോപാൽ, റോഷി അഗസ്റ്റിൻ, ആർ ബിന്ദു തുടങ്ങിയവരും ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

❁❁❁❁❁❁❁❁❁❁❁

## മണ്ണിടിച്ചിൽ സാധ്യത

ഇടുക്കി ദേവികുളം താലൂക്കിലെ ഖനനപ്രവർത്തനങ്ങൾ ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ പൂർണമായി നിരോധിച്ചു. അടിമാലി പള്ളിവാസൽ എന്നിവിടങ്ങളിലെ മണ്ണിടിച്ചിലിനെ തുടർന്നാണ് തീരുമാനം.

❁❁❁❁❁❁❁❁❁❁❁

## റൺ ഫോർ യൂണിറ്റി

സർദാർ വല്ലഭ് ഭായ് പട്ടേലിൻ്റെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് വെള്ളിയാഴ്ച നടക്കുന്ന റൺ ഫോർ യൂണിറ്റിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ ജനങ്ങളോട് ആഹ്വാനം ചെയ്തു. സർദാർ പട്ടേൽ വിഭാവനം ചെയ്ത ഐക്യത്തിൻ്റെ ദർശനത്തെ

RNUTVPM

ആദരിക്കണമെന്നും പ്രധാനമന്ത്രി സാമൂഹിക മാധ്യമമായ എക്സിൽ കുറിച്ചു.

❁❁❁❁❁❁❁❁❁❁❁

## സൂപ്പർ ലീഗ് കേരള

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് തിരുവനന്തപുരം കൊമ്പൻസും, മലപ്പുറം എഫ് സി-യും ഏറ്റുമുട്ടും. രാത്രി ഏഴരയ്ക്ക് മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിലാണ് മത്സരം.

❁❁❁❁❁❁❁❁❁❁❁

## ജിഎസ്ടി പരിഷ്ക്കരണം

പുത്തൻ തലമുറ ജിഎസ്ടി പരിഷ്ക്കരണം ആഭ്യന്തര ഇലക്ട്രോണിക്സ് നിർമാണം വർധിപ്പിച്ചതായി കേന്ദ്ര സർക്കാർ. എയർ കണ്ടീഷണറുകൾ, ഡിഷ് വാഷറുകൾ, ടെലിവിഷനുകൾ എന്നിവയുടെ നികുതി നിരക്കുകൾ 18 ശതമാനമാക്കിയത് സാധാരണക്കാർക്ക് ഏറെ സഹായകരമായി. ഇലക്ട്രോണിക് ഹാർഡ്‌വെയറുകളുടെ നികുതി നിരക്ക് 18 ശതമാനമാക്കി കുറച്ചതോടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഓഫീസുകൾക്കും ഗുണകരമാകുമെന്നാണ് വിലയിരുത്തൽ.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM